# കേരള സർക്കാർ

## സംഗ്രഹം

**തദ്ദേശസ്വയംഭരണവകുപ്പ് - വയനാട് യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷനെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നീർത്തട വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശസ്വയംഭരണ(ഡിഎ)വകുപ്പ്

സ.ഉ.(സാധാ)നം.2787/11/തസ്വഭവ    തിരുവനന്തപുരം, തീയതി.24.11.2011

---

**പരാമർശം:-** (1) വയനാട് യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഗ്രാമവികസന കമ്മീഷണർക്ക് സമർപ്പിച്ച് 15.06.2011 -ലെ അപേക്ഷ

(2) മിഷൻ ഡയറക്ടർ & ഗ്രാമവികസന കമ്മീഷണറുടെ 02.08.11-ലെ 13694/എൻ.ആർ.ഇ.ജി സെൽ2/11/സി.ആർ.ഡി നമ്പർ കത്ത്.

(3) 03.11.11-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം ഐറ്റം നമ്പർ 2.61

## <u>ഉത്തരവ്</u>

വയനാട് യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷനെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ നീർത്തട വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിക്കണമെന്ന് പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി സംഘടനയ്ക്ക് നീർത്തട വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിക്കുന്നതിന് മിഷൻ ഡയറക്ടർ & ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

(2) 03.11.2011 -ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല സമിതി യോഗം തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ നീർത്തട വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി വയനാട് യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷനെ അംഗീകരിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
വി.ശോഭ
അഡീഷണൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ സുൽത്താൻ ബത്തേരി, വയനാട്

മിഷൻ ഡയറക്ടർ & ഗ്രാമവികസന കമ്മീഷണർ എൽ.എം.എസ് കോമ്പൗണ്ട് തിരുവനന്തപുരം

contd.....

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

ഒ.സി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ